അർഹിക്കുന്നുവെന്നു ഗവൺമെൻറു കരുതുന്നു. അതിൻപ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്:

(1) അഗതികൾക്കുള്ള പെൻഷൻ

കുറഞ്ഞതു പ്രതിമാസം 5 രൂപയും കൂടിയത് 15 രൂപയുമാണ് അഗതികൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള പെൻഷൻ. ഈ പെൻഷൻ എല്ലാ പേർക്കും 20 രൂപയായി ഉയർത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ''അഗതിപെൻഷൻ പദ്ധതി''യുടെ ആനുകൂല്യങ്ങൾക്ക് അർഹരായ എല്ലാവർക്കും പ്രതിമാസം 20 രൂപാ വീതം ലഭിക്കുന്നതാണ്.

(2) സർവ്വീസ് പെൻഷൻ

സർവ്വീസ് പെൻഷൻകാരുടെ കുറഞ്ഞ പ്രതിമാസ പെൻഷൻ നിലവിലുള്ള 35 രൂപയിൽനിന്ന് 45 രൂപയായി ഉയർത്തുന്നതാണ്. ഈ ആനുകൂല്യം കേരളാ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് പെൻഷൻവാങ്ങുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും ബാധകമായിരിക്കും. 1-6-1960-ന് മുമ്പ് എയിഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത ഒരു ചെറിയ വിഭാഗം അദ്ധ്യാപകരുണ്ട്. നീണ്ട വർഷക്കാലത്തെ സേവനത്തിനുശേഷം സർവ്വീസിൽനിന്നു പിരിഞ്ഞവരാണെങ്കിലും ഇക്കൂട്ടർക്ക് പെൻഷനോ മറെറന്തെങ്കിലും ആനുകൂല്യമോ ലഭിക്കുന്നില്ല. അതുകൊണ്ട് 1-3-1970 മുതൽ മിനിമം പെൻഷനായ 45 രൂപ ഇവർക്കും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഏതാണ്ട് 50 ലക്ഷം രൂപയോളം ഈദൃശ നടപടികൾകൊണ്ട് അധിക ച്ചെലവു വരുമെന്നു കരുതുന്നു. 1970-71-ലെ ബഡ്ജററിൽ ഇതിനുള്ള വകകൊള്ളിച്ചിട്ടുണ്ട്.

ഒരുവാക്കുകൂടി. വിവിധ രംഗങ്ങളിൽ വികസന പ്രക്രിയ തുടർന്നു കൊണ്ടുപോകേണ്ടതിൻെറ ആവശ്യകത യഥാരീതിയിൽ കണക്കിലെടുത്തു കൊണ്ടാണ് ഈ ബഡ്ജററ് എസ്റിമേററുകൾക്കു രൂപം കൊടുത്തിട്ടുള്ളത്. നമ്മുടെ വിഭവസമാഹരണ ശേഷിക്കു കടിഞ്ഞാണിടുന്ന എല്ലാ പ്രതിബന്ധങ്ങളേയും ആത്മവിശ്വാസത്തോടുകൂടി എതിരിട്ടു പരാജയപ്പെടുത്തണമെന്ന കാര്യത്തിൽ നാം ദൃഢപ്രതിജ്ഞരാണ്. ഈ ദൃഢനിശ്ചയമനുസരിച്ച് ബാങ്കുകളിൽനിന്നും മററു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കഴിയുന്നത്ര സഹായം തേടുവാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഉദ്ദേശം ലക്ഷ്യമാക്കിക്കൊണ്ടാണു ഭവനനിർമ്മാണം, നഗരവികസനം, ഗ്രാമവികസനം, ആഭ്യന്തര ജലഗതാഗതം തുടങ്ങിയ മർമ്മപ്രധാനമായ രംഗങ്ങളിൽ ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിനു ബോർഡുകളും മററു സ്വയംഭരണ സ്ഥാപനങ്ങളും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ കാർഷിക സമ്പദ് ഘടനയും വൈവിദ്ധ്യോൻമുഖവും ഭദ്രമായ വളർച്ചയുടെ ഘട്ടത്തിലേക്കു കടന്നു നീങ്ങിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയും ഭാവിയെപ്പററി നമുക്ക് ശുഭപ്രതീക്ഷകൾക്കു വകനൽകുന്നു. അങ്ങനെ അനുസ്യൂതമായ പുരോഗതിയുടേയും വികസനത്തിൻേറയും ഒരു കാലഘട്ടമാണു നമ്മുടെ മുന്നിലുള്ളത്. വിദ്യുച്ഛക്തി, ജലസേചനം, ഗതാഗതം, സാങ്കേതികശാസ്ത്രീയാധിഷ്ഠിതമായ വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയുടെ വികസനത്തിനും വിപുലീകരണത്തിനും, കഴിഞ്ഞ കാലങ്ങളിലായി നാം നടത്തിയിട്ടുള്ള ഭാരിച്ച മുതൽമുടക്ക് സമ്പദ്ഘടനയുടെ ക്രമാനുഗതവും, ബഹുമുഖവുമായ വികസനത്തിൻെറ അടിത്തറപാകിയിട്ടുണ്ട്. വികസന വ്യഗ്രത നിലനിർത്തുന്നതിനും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു കൂടുതൽ സുഭിക്ഷവും ഐശ്വര്യസമ്പൂർണ്ണവുമായ ജീവിതം വാഗ്ദാനം ചെയ്യുന്നതിനും ഏകാഗ്രതയോടുകൂടിയുള്ള പ്രയത്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly